# ERUMELY
# ST. IGNATIUS CHURCH



**പാ**ലാമ്പടം കുടുംബം വക എരുമേലി എസ്റ്റേറ്റ് സ്ഥാപിച്ച കാലത്ത് ഇവിടെ ജോലി ചെയ്യുന്ന യാക്കോബായക്കാരായ ആളുകളെ ഉദ്ദേശിച്ചും ഈ സ്ഥാപനത്തിന്റെ ഉന്നമനത്തിനു വേണ്ടിയും ദൈവതിരുനാമം മഹത്വപ്പെടുത്തുന്നതിനുമായി പാലാമ്പടത്ത് പരേതനായ ശ്രീ. പി.റ്റി. തോമസ് അവർകളുടെ പരിശ്രമഫലമായി 1929–ൽ ഈ ദേവാലയം സ്ഥാപിക്കപ്പെട്ടു. ഈ പള്ളിയും ഇതിന്റെ സ്ഥലവും പാലാമ്പടം കുടുംബവകയാണ്. എല്ലാ ഞായറാഴ്ചകളിലും, മാറാനായ പെരുനാളുകളിലും ഒരു മുടക്കവും കൂടാതെ ആരാധന നടക്കുന്നുണ്ട്.

ഈ ദേവാലയം സ്ഥാപിക്കപ്പെട്ട കാലയളവിൽ വി. അന്ത്യോഖ്യാ പ്രതിനിധിയായി സ്തുത്യർഹ സേവനം നടത്തിക്കൊണ്ടിരുന്ന അഭിവന്ദ്യ സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ മൂന്നാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ വി. ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിൽ, പലക കൊണ്ട് നിർമ്മിച്ച ഈ ദേവാലയം 1929–ൽ കൂദാശ ചെയ്യപ്പെട്ടു.

മഞ്ഞനിക്കര ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹാപരിശുദ്ധനായ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവാ 31–03–1931–ലും നി.വ.ദി.മ.മ.ശ്രീ മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ ബാവായും ഈ ദേവാലയത്തിൽ എഴുന്നള്ളി അനുഗ്രഹിക്കുകയുണ്ടായി. പാലാമ്പടത്ത് പരേതനായ ശ്രീ. ഈപ്പൻ തോമസിന്റെ പരിശ്രമഫലമായി 1964–നുശേഷം ഈ ദേവാലയം പുതുക്കി കരിങ്കല്ലിൽ നിർമ്മിച്ചു. അതിന്റെ കൂദാശ 15–01–1967ൽ കിഴക്കിന്റെ കാതോലിക്കാ നി.വ.ദി.മ.ശ്രി. മോർ ബസേലിയോസ് ഔഗേൻ ബാവായാൽ നടത്തപ്പെട്ടു. ഈ പള്ളിയുടെ സ്ഥാപനം മുതൽ ഇന്നുവരെയും ഇതിന്റെ എല്ലാ ട്രസ്റ്റിമാരും പാലാമ്പടം കുടുംബത്തിൽനിന്നാണ്.ഇതിന്റെ എല്ലാ നടത്തിപ്പും വൈദികന്റെ ശമ്പളം ഉൾപ്പെടെയുള്ള മറ്റ് ചെലവുകളും പാലാമ്പടം കുടുംബമാണ് വഹിക്കുന്നത്. ആയതുകൊണ്ടുതന്നെ ഈ പള്ളിയിൽ മാസവരി തുടങ്ങിയ പിരിവുകൾ ഒന്നുംതന്നെയില്ലായെന്നുള്ളത് ഈ പള്ളിയെ മലങ്കരയിലെ മറ്റു പള്ളികളിൽ നിന്നും വ്യത്യസ്തമായ ഒന്നാക്കി തീർക്കുന്നു.

റവ. ഫാ. റ്റി. സി. മോസസ് തോലത്ത്, റവ. ഫാ. വർഗീസ് ഫിലിപ്പ് കരിമ്പിൽ (ഇപ്പോൾ സിംഹാസന പള്ളികളുടെ നി. വ. ദി. ശ്രി. ഗീവർഗിസ് മാർ ദിവന്നാസിയോസ്), റവ. ഫാ. കോശി ഏഴരപ്പറയിൽ, റവ.

ഫാ. സഖറിയ മണ്ണൂർ, റവ. ഫാ. ഉലഹന്നാൻ പാറപ്പാട്ട് എന്നിവർ ഈ പള്ളിയുടെ മുൻ വികാരിമാർ ആയിരുന്നു. ഇപ്പോഴത്തെ വികാരി റവ. ഫാ. മാത്യു. എം. ബാബു വടക്കേപ്പറമ്പിൽ ആകുന്നു.

ശ്രീ. പി.റ്റി. തോമസ് പാലാമ്പടം, ശ്രീ. ഈപ്പൻ തോമസ് പാലാമ്പടം, ശ്രീ. പി. ഇ. തോമസ് പാലാമ്പടം എന്നിവർ ഈ പള്ളിയുടെ മുൻ ട്രസ്റ്റിമാരായിരുന്നു. ഇപ്പോൾ ഈ പള്ളിയുടെ പൂർണ്ണ ഭരണചുമതല ട്രസ്റ്റിയായിരിക്കുന്ന പാലാമ്പടം ശ്രീ. ഏബ്രഹാം കുര്യനിൽ അധിഷ്ഠിതമായിരിക്കുന്നു.

റവ. ഫാ. തോമസ് പള്ളിയമ്പിൽ, റവ. ഫാ. തോമസ് പൂതിയോട്ട്, റവ. ഡീ. റോബിൻ തോമസ് വെൺമേലിൽ എന്നിവർ ഈ ഇടവകയിലെ അംഗങ്ങളാകുന്നു.

ഈ പള്ളിയിലെ പ്രധാന പെരുനാൾ ജനുവരി 15-ാം തീയതി ആകുന്നു. ഇതു കൂടാതെ കല്ലിട്ട പെരുനാൾ ഫെബ്രുവരി 14-ാം തീയതിയും, വി. ഗീവർഗീസ് സഹദായുടെ പെരുനാൾ മേയ് 8-ാം തീയതിയും, എട്ടുനോമ്പുപെരുനാൾ സെപ്തംബർ 1 മുതൽ 8 വരെയും, മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ പെരുനാൾ ഡിസംബർ 20-ാം തീയതിയും നടത്തിവരുന്നു.

മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ പ്രാർത്ഥന ഏവർക്കും കോട്ടയായിരിക്കട്ടെ.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org